# പ്രവചനവും പുരാവസ്തുഗവേഷണവും

K. V. George M. A., M. Th.

[പുരാവസ്തുഗവേഷണങ്ങൾ ബൈബിൾ ദൈവനിശ്വാസ്ത മാണെന്നുള്ള സത്യത്തെ തെളിയിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. വിശ്വാസികൾക്ക് ഈ തെളിവുകൾ കൂടാതെതന്നെ വിശ്വാസമുണ്ട്. എന്നാൽ നിർവിശ്വാസികളെയും ബൈബിൾ വിശ്വസിക്കാത്തവ രെയും സമ്മതിപ്പിക്കുക എന്നുള്ളതാണ് ഇതുകൊണ്ടു നടക്കുന്നത്. ബൈബിൾ ദൈവനിശ്വസ്തം എന്ന് അംഗീകരിച്ചുകഴിയുമ്പോൾ ഇനി ഭാവിയിൽ നടക്കേണ്ടുന്ന പ്രവചനങ്ങളും നിറവേറും എന്നുള്ള ത് വിശ്വസനീയമായി ഭവിക്കുന്നു. തന്നിമിത്തമാണ് ഈ വിഷ യം പ്രവചനവിഷയങ്ങളോടു ചേർക്കുന്നത്. Y. E.]

വേദപുസ്തകം പ്രവചനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കയാണ്. ഒരു സംഭവം ശതാബ്ദങ്ങൾക്കുമുൻപു പ്രവചിക്കയും തക്കസമയത്ത് അതു കൃത്യമായി നിറവേറുകയും ചെയ്യുന്നതു പ്രസ്തുത പ്രവചനം ദൈവാത്മപ്രേരിതമായിരുന്നു എന്നതിന്റെ പ്രത്യക്ഷസാക്ഷ്യമാണ്. കഴിഞ്ഞ നൂററാണ്ടുകളിൽ നിറവേറിയ പ്രവചനങ്ങൾ ചരിത്രമായി മാറി. അങ്ങനെയുള്ള കാര്യങ്ങൾ യാഥാർത്ഥ്യമാണോ, ചരിത്ര

ത്തിൽ സംഭവിച്ചിട്ടുണ്ടോ എന്ന് ആരായുകയാണ് പുരാവസ്തുശാസ്ത്രം ചെയ്യുന്നത്.

ബൈബിളിൽ പ്രസ്താവിച്ചിട്ടുള്ള പല പട്ടണങ്ങളും നാഗരികതയും അനേക ശതാബ്ദങ്ങൾ പഴക്കമുള്ളവയുമാണ്. അവയിൽ പലതും പിൽക്കാലങ്ങളിൽ മൺമറഞ്ഞുപോയി. അതിനുള്ള കാരണങ്ങൾ പലതാണ്. ഒന്നാമതായി, പുരാതന നാഗരികതകൾ പലതും ഉടലെടുത്തു നദീതീരങ്ങളിലായിരുന്നു. ബാബിലോൺ യൂഫ്രട്ടീസ് നദീതീരത്തും നിനവെ റൈഗ്രീസിൻെറ കരയിലുമായിരുന്നു. യെരിഹോ യോർദ്ദാൻ നദിയുടെ തീരത്തും കയിറോ, മെംഫിസ് എന്നീ നഗരങ്ങൾ രൂപംകൊണ്ടതു് നൈൽനദിയുടെ സമീപവുമായിരുന്നു. ഏദൻ പറുദീസ യഹോവയായ ദൈവം നിർമ്മിച്ചതും നാലുനദികളുടെ മദ്ധ്യത്തിലായിരുന്നു. പ്രസ്തുത നഗരങ്ങൾ പിൽക്കാലത്തു നശിപ്പിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തപ്പോൾ കാലാകാലങ്ങളിലായി നദി ഒഴുക്കി കൊണ്ടുവന്ന എക്കൽ അടിഞ്ഞു പട്ടണാവശിഷ്ടങ്ങൾ സംസ്ക്കരിക്കപ്പെട്ടു.

രണ്ടാമതായി, പൗരാണികപട്ടണങ്ങൾ ശത്രുക്കളാൽ നശിപ്പിക്കപ്പെടുകയും നിവാസികളെ ബന്ധരാക്കി കൊണ്ടുപോകയും ചെയ്ത സന്ദർഭങ്ങൾ സാധാരണമായിരുന്നു. ഉപേക്ഷിക്കപ്പെട്ട നിലയിൽ ചില വർഷങ്ങൾ കിടന്ന ശേഷം, അതു പുതുക്കിപണിയുന്ന ജനത, പ്രസ്തുതനഗരത്തിൻെറ പഴയ അടിസ്ഥാനംവരെ കുഴിക്കയില്ലായിരുന്നു. ചില അടികൾ മുകളിൽവച്ചായിരിക്കും പുതിയ അടിസ്ഥാനം ആരംഭിക്കുന്നതു്. ഈ പ്രക്രിയ പലവട്ടം നടക്കുമ്പോൾ പുരാതന അവശിഷ്ടങ്ങൾ മണ്ണിനടിയിലേയ്ക്കു സംസ്ക്കരിക്കപ്പെടുന്നു. ഉദാഹരണമായി, ബത്ത്

ശാൻപട്ടണം 70 അടി കുഴിച്ചപ്പോഠം ഇപ്രകാരമുള്ള 18 നിരകഠം (layers) കാണപ്പെടുകയുണ്ടായി.

മൂന്നാമതായി, ഭൂകമ്പത്താലും ചില നഗരങ്ങഠം ഭൂമിയുടെ അടിയിലേയ്ക്കു സംസ്ക്കരിക്കപ്പെട്ടുപോയിട്ടുണ്ട്. ആയതിനാലാണ് വേദത്തിൽ സൂചിപ്പിച്ചിട്ടുള്ള പല പൗരാണിക നഗരങ്ങളും കുഴിച്ചെടുക്കേണ്ടിവന്നിട്ടുള്ളത്.

പഴയനിയമത്തിൻെറ ചരിത്രപശ്ചാത്തലം പലതും ലോകചരിത്രരേഖകളിൽ ഇല്ല. അതു ബൈബിളിൽ മാത്രമേ കാണുകയുള്ളൂ. തന്മൂലം വേദനാടുകളിൽ പുരാവസ്തുഗവേഷണങ്ങഠം നടക്കുന്നതിനുമുൻപു നിർവ്വിശ്വാസികളും അമിതവാദികളും തിരുവെഴുത്തുകളുടെ ചരിത്രയാഥാർത്ഥ്യത്തെ ചോദ്യംചെയ്തുവന്നു. അനേകം കെട്ടുകഥകളുടെയും സങ്കല്പങ്ങളുടെയും സമാഹാരമാണു ബൈബിഠം എന്നു പലരും കരുതിയിരുന്നു. ബാബിലോൺ, നിനവെ ആദിയായവയെക്കുറിച്ചുള്ള വേദരേഖകഠം യക്ഷിക്കഥകളെന്നു വിശ്വസിച്ചിരുന്നു. എന്തെന്നാൽ പ്രസ്തുത പട്ടണങ്ങളെക്കുറിച്ച് അക്കാലത്തെ പണ്ഡിതന്മാർ അറിഞ്ഞിരുന്നില്ല.

19—ാം നൂററാണ്ടിൽ ഉയർന്നുവന്ന അമിത വേദസിദ്ധാന്തശാസ്ത്രം (Liberal Theology) ഈ ചിന്താഗതിക്കു പ്രാബല്യം നൽകി. ജൂലിയസ്സുവെൽഹോസൻെറ (1844–1918) വേദനിരൂപണസിദ്ധാന്തത്തിൻെറ സ്വാധീനതമൂലം പഴയനിയമ വസ്തുതകഠം ചരിത്രരേഖയാണെന്നുള്ള യാഥാർത്ഥ്യം നിഷേധിക്കുന്നതു് 20—ാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ പണ്ഡിതന്മാരുടെ ഇടയിൽ സാധാരണകാര്യമായിരുന്നു. വിശേഷിച്ചും എബ്രായപിതാക്കന്മാർ വെറും സങ്കല്പസൃഷ്ടികളും അവരെക്കുറിച്ചുള്ള രേഖകഠം കെട്ടുകഥകളും ആണെന്നും പ്രസ്തുതരേഖകഠം എഴുതപ്പെട്ടതു B.C. എ

ട്ടം ഒൻപത്തും ശതകങ്ങളിലാണെന്നും ആയിരുന്ന വെൻഹോസനും അനുയായികളും സിദ്ധാന്തിച്ചിരുന്നത്.

എന്നാൽ അടുത്തകാലത്തുനടന്ന പുരാവസ്തുഗവേഷണങ്ങൾ അമിതകൃത്തിപ്പുകാർക്കെതിരായി പടവാൾ ഉയർത്തുവാൻതുടങ്ങി. മൺമറഞ്ഞുപോയ ഗ്രാമങ്ങളും നഗരങ്ങളും ദൃശ്യമാകയും വേദപുസ്തകസ്ഥലങ്ങൾ പുനർനിർണ്ണയിക്കപ്പെടുകയുംചെയ്തു. വിസ്മരിക്കപ്പെട്ടുപോയിരുന്ന പരിഷ്ക്കാരങ്ങളും നാഗരികതകളും വെളിച്ചത്തു കൊണ്ടുവരപ്പെട്ടു. ഉത്ഖനനഫലമായി ലഭിച്ച നിരവധി വസ്തുക്കളുടെ വെളിച്ചത്തിൽ യാതൊരു വേദവിമർശകനും എബ്രായപിതാക്കന്മാർ സങ്കല്പകഥാപാത്രങ്ങൾ ആയിരുന്നുവെന്നു പ്രസ്താവിപ്പാൻ ഇന്നു തുനിയുകയില്ല.

മോശയ്ക്കു എഴുതുവാൻ കഴിയുമായിരുന്നുവെന്ന സത്യം നിഷേധിപ്പാനോ ബാബിലോണും നിനവേയും ആത്മീയ കെട്ടുകഥകളാണെന്നു സിദ്ധാന്തിക്കുവാനോ ഇനി സാധിക്കയില്ല. കാരണം, തിരുവെഴുത്തുകളുടെ ചരിത്രയാഥാർത്ഥ്യം സ്ഥിരീകരിക്കുവാൻ പുരാവസ്തുഗവേഷണത്തിന്നു കഴിഞ്ഞിരിക്കുന്നു.

പ്രവാചകന്മാരും പിതാക്കന്മാരും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ചരിത്രസത്യമായിരുന്നു എന്നു പുരാവസ്തുശാസ്ത്രം തെളിയിച്ചിട്ടുള്ള അസംഖ്യം ഉദാഹരണങ്ങൾ ചൂണ്ടികാണിക്കുവാനുണ്ടെങ്കിലും സ്ഥലപരിമിതിമൂലം അതിനു തുനിയുന്നില്ല. രണ്ടു മൂന്നു ദൃഷ്ടാന്തങ്ങൾ ചൂണ്ടികാണിക്കാം.

ഉല്പത്തി 11-ാം അദ്ധ്യായത്തിന്റെ പ്രാരംഭഭാഗത്തു (11:1-9) ഭാഷ കലക്കുവാൻ ഇടയായ ബാബേൽ ഗോപുരത്തെപ്പററി മോശ എഴുതിയിരിക്കുന്നു. ഇഷ്ടിക കല്ലായും പശമണ്ണു കുമ്മായമായും ഉപയോഗിച്ചു ശീനാർദേശത്തു

(ബാബിലോൺ) നോഹൈകസന്തതികരം ഒരു വൻനഗരവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിത്തു എന്നാണ് നാം വായിക്കുന്നതു്. ഉല്പത്തിയിലെ ഈ പ്രസ്താവനയെപ്പററി പുരാവസ്തുഗവേഷകന്മാരും ചരിത്രകാരന്മാരും എന്തു പറയുന്നു? അവർക്കുമുണ്ട് ചിലതു പറയുവാൻ. "രണ്ടുനദികരംക്കിടയിലുള്ള ദേശം" എന്നർത്ഥം വരുന്ന മെസപ്പൊട്ടാമിയായിൽ (യൂഫ്റട്ടീസു റൈഗ്രീസു നദീതടത്തിൽ) പടുത്തുയർത്തിയ നാഗരീകതയായിരുന്നു ബാബിലോൺ. അവിടത്തെ ഏററവും ശക്തനായ രാജാവ് ഹമ്മുറബ്ബിയായിരുന്നു (ബി.സി. 1750–നോടടുത്തു ജീവിച്ചിരുന്നു). താൻ ഒരു വലിയപട്ടണവും കൂററൻ ഗോപുരവും പണിത്തു. എററമനാൻകി എന്നാണ് ബാബിലോന്യർ ഇതിനെ വിളിച്ചതു്. "ഭൂമിയുടേയും സ്വർഗ്ഗത്തിൻേറയും അടിത്തറയുടെ ഭവനം" എന്നാണിതിന്നർത്ഥം. ഗോപുരത്തിൻെറ അടിത്തട്ടു നൂറുമീററർ സമചതുരമായിരുന്നു. അതിനു നൂറുമീററർ ഉയരവുമുണ്ടായിരുന്നു. ഏഴു തട്ടുകളായാണ് അതു സംവിധാനംചെയ്തിരുന്നതു്.

അയൽരാജ്യമായ അസീറിയ പലപ്പോഴും ആക്രമിച്ച് ഈ ഗോപുരം നശിപ്പിച്ചെങ്കിലും അതു പുതുക്കിപണിയുന്നതിൽ ബാബേൽക്കാർ ബദ്ധശ്രദ്ധരായിരുന്നു. ഒടുവിൽ പുതുക്കിപ്പണിതതു് നെബൂഖദ്നേസർ ആയിരുന്നു (B. C. 604). അതിനുശേഷം 150 വർഷം കഴിഞ്ഞപ്പോരം മഹാനായ ഹെറോഡോട്ടസു ബാബിലോൺ സന്ദർശിച്ചു. താൻ ഈ നഗരത്തേയും ഗോപുരത്തേയുംപററി പ്രസ്താവിച്ചു.

ഏഴുതട്ടുകളായുണ്ടാക്കിയിരുന്ന ഈ സൗധം ബാബേൽ ദേവനായ മാർഡ്യൂക്കിൻെറ ക്ഷേത്രംകൂടെയായിരുന്നു എന്നാണ് ഹെറോഡോട്ടസ് രേഖപ്പെടുത്തിയിരിക്കുന്നതു്. ആദ്യത്തെ നിലയിൽതന്നെയായിരുന്നു ആരാധനാസ്ഥ

(ബാബിലോൺ) നോഹൈകസന്തതികൾ ഒരു വൻനഗരവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിതു എന്നാണ് നാം വായിക്കുന്നത്. ഉല്പത്തിയിലെ ഈ പ്രസ്താവനയെപ്പററി പുരാവസ്തുഗവേഷകന്മാരും ചരിത്രകാരന്മാരും എന്തു പറയുന്നു? അവർക്കുമുണ്ട് ചിലതു പറയുവാൻ. "രണ്ടുനദികൾക്കിടയിലുള്ള ദേശം" എന്നർത്ഥം വരുന്ന മെസപ്പൊട്ടാമിയായിൽ (യൂഫ്റട്ടീസു റൈഗ്രീസു നദീതടത്തിൽ) പടുത്തുയർത്തിയ നാഗരീകതയായിരുന്നു ബാബിലോൺ. അവിടത്തെ ഏററവും ശക്തനായ രാജാവ് ഹമ്മുറബ്ബിയായിരുന്നു (ബി.സി. 1750–നോടടുത്തു ജീവിച്ചിരുന്നു). താൻ ഒരു വലിയപട്ടണവും കൂററൻ ഗോപുരവും പണിതു. എററമനാൻകി എന്നാണ് ബാബിലോന്യർ ഇതിനെ വിളിച്ചത്. "ഭൂമിയുടേയും സ്വർഗ്ഗത്തിൻേറയും അടിത്തറയുടെ ഭവനം" എന്നാണിതിന്നർത്ഥം. ഗോപുരത്തിൻെറ അടിത്തട്ടു നൂറുമീററർ സമചതുരമായിരുന്നു. അതിനു നൂറുമീററർ ഉയരവുമുണ്ടായിരുന്നു. ഏഴു തട്ടുകളായാണ് അതു സംവിധാനംചെയ്തിരുന്നത്.

അയൽരാജ്യമായ അസീറിയ പലപ്പോഴും ആക്രമിച്ച് ഈ ഗോപുരം നശിപ്പിച്ചെങ്കിലും അതു പുതുക്കിപണിയുന്നതിൽ ബാബേൽക്കാർ ബദ്ധശ്രദ്ധരായിരുന്നു. ഒടുവിൽ പുതുക്കിപ്പണിതതു് നെബൂഖദ്നേസർ ആയിരുന്നു (B. C. 604). അതിനുശേഷം 150 വർഷം കഴിഞ്ഞപ്പോൾ മഹാനായ ഹെറോഡോട്ടസു ബാബിലോൺ സന്ദർശിച്ചു. താൻ ഈ നഗരത്തേയും ഗോപുരത്തേയുംപററി പ്രസ്താവിച്ചു.

ഏഴുതട്ടുകളായുണ്ടാക്കിയിരുന്ന ഈ സൗധം ബാബേൽ ദേവനായ മാർഡ്യൂക്കിൻെറ ക്ഷേത്രംകൂടെയായിരുന്നു എന്നാണ് ഹെറോഡോട്ടസ് രേഖപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തെ നിലയിൽതന്നെയായിരുന്നു ആരാധനാസ്ഥ

ലം. അതിലേയ്ക്കു നയിക്കുന്ന വീഥി മുഴുവനും സ്വർണ്ണം പൂശിയിരുന്നു. ഇരുവശങ്ങളിലും വിലയേറിയ നീലക്കല്ലുകൾ പതിച്ചിരുന്നു. പകുതി മനുഷ്യനും പകുതി മൃഗവുമായിട്ടാണു മാർഡ്യൂക്കിൻെറ പ്രതിമയുണ്ടാക്കിയിരുന്നതു്. ഈ സ്വർണ്ണവിഗ്രഹത്തിൻെറ കാൽവയ്ക്കുവാനുള്ള പീഠവും സമീപത്തുള്ള മേശയും സ്വർണ്ണംകൊണ്ടാണു നിർമ്മിച്ചിരുന്നതു്. ഇവയെല്ലാംകൂടി ഏകദേശം 23,100 കിലോഗ്രാം തൂക്കം വരുമെന്നാണു് ഹെറോഡോട്ടസ് പറയുന്നതു്.

B. C. 562-ൽ നെബൂഖദ്നേസർ മരിച്ചു. ബാബിലോൻെറ ശക്തി ക്ഷയിച്ചു. പേർഷ്യൻരാജാവായ കോരേശ് ബാബിലോൺ ആക്രമിച്ചു കീഴ്പ്പെടുത്തി. പക്ഷേ, ആ ഗോപുരം ആരും തൊട്ടുപോകരുതെന്നു താൻ കല്പിച്ചു. മാത്രമല്ല, തൻെറ ശവകുടീരത്തിൽ ഈ മാതൃകയിൽതന്നെ ഒരു ഗോപുരം പണിയണമെന്നു നിഷ്ക്കർഷിക്കയുംചെയ്തു. എന്നാൽ തൻെറ പിൻഗാമിയായ അതഹ്ശഷ്ടാവു് ഈ ഗോപുരം നിലംപരിചാക്കി. അതിനുശേഷം ആരും എററമനാൻകി പുതുക്കി പണികഴിപ്പിച്ചില്ല.

നൂററാണ്ടുകൾ പിന്നിട്ടു. എററമാൻകി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അതിൻെറ അവശിഷ്ടംപോലും ഭൂമുഖത്തില്ലെന്നായി. ഹെറോഡോട്ടസിൻെറ വിവരണംപോലും വിസ്മരിക്കപ്പെട്ടു. ആരെങ്കിലും അതു വായിച്ചാൽ കെട്ടുകഥയെന്നും നുണയെന്നും പറഞ്ഞുതള്ളിക്കളഞ്ഞു.

എന്നാൽ 19-ാംനൂററാണ്ടിൻെറ അന്ത്യത്തിൽ പലതും സംഭവിച്ചു. പുരാവസ്തുശാസ്ത്രജ്ഞന്മാർ മൺമറഞ്ഞ സംസ്ക്കാരങ്ങളെ കണ്ടെത്തുവാൻ തുടങ്ങി. റോബർട്ട്

കോൾഡെവെ എന്ന ജർമ്മൻ പ്രൊഫസർ ഇതിലേയ്ക്ക് ആകർഷിക്കപ്പെട്ടു. പുരാതന ബാബിലോൺ കണ്ടെത്തണമെന്നു താൻ തീരുമാനിച്ചു. സകല ചരിത്രരേഖകളും പഠിച്ചു. പ്രധാന മാർഗ്ഗദർശി ബൈബിളും ഹെറോഡോട്ടസും ആയിരുന്നു.

ഇറാക്കിൽ ബാഗ്ദാദ്പട്ടണത്തിന് 60 മൈൽ തെക്കായിട്ടാണു ബാബിലോൻെറ സ്ഥാനമെന്നു തിട്ടപ്പെടുത്തി. 1899–ൽ അവിടെ ഉൽഖനനം ആരംഭിച്ചു. 200 ജോലിക്കാർ 15 വർഷം നിരന്തരാദ്ധ്വാനം നടത്തിയശേഷമാണു ബാബിലോൺ കണ്ടെത്തിയതു്. നഗരത്തിൻെറ കോട്ടകളാണ് ആദ്യം കണ്ടതു്. കൂററൻമതിലുകളുടെ വിവരണം ഹെറോഡോട്ടസു രേഖപ്പെടുത്തിയതുപോലെയായിരുന്നു.

നഗരത്തിൻെറ പ്രധാന ഭാഗത്തു് ഒരു വലിയ ഗോപുരത്തിൻെറ അവശിഷ്ടം കണ്ടെടുത്തു. അസാധാരണമായ വലിപ്പമുള്ള ഒരു ഗോപുരമായിരുന്നു അതെന്നു വ്യക്തമായി. ബാബിലോണിലെ എററമനാൻകി ആയിരുന്നു ഇതെന്നു ശാസ്ത്രജ്ഞന്മാർ സമ്മതിച്ചു. ഇതിൻെറ ഉള്ളിലെ ദേവാലയഭാഗത്തുനിന്നു ലിപികൾ ഉള്ള ചില ഇഷ്ടികകൾ ലഭിച്ചു. "ആപ്പെഴുത്തു്" എന്ന പ്രസ്തുത ലിപി പുരാതന ഭാഷാപണ്ഡിതന്മാർ വായിച്ചുമനസ്സിലാക്കി. ഗോപുരത്തിൻെറ ശില്പിയുടെ കുറിപ്പുകളായിരുന്നു ഇതിൽ ചിലതു്. അതിൽ ഗോപുരത്തിൻെറ അളവു നൽകിയിരുന്നു.

ഗോപുരനിർമ്മാണത്തിന് ഉപയോഗിച്ച വസ്തുക്കൾ ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ ഇഷ്ടികയും പശമണ്ണുംതന്നെയാണ്. അങ്ങനെ ബാബേൽഗോപുരവും ഹെറോഡോട്ടസു കണ്ട എററമനാൻകിയും കോൾഡെവെ

കഴിച്ചെടുത്ത അവശിഷ്ടങ്ങൾ പ്രതിനിധാനം ചെയ്ത ഗോപുരവും ഒന്നുതന്നെയെന്നു ശാസ്ത്രലോകം സമ്മതിച്ചു. പ്രവാചകനായ മോശ എഴുതിയ ഉല്പത്തിപുസ്തകം കെട്ടുകഥയല്ലെന്നു ലോകത്തിനു ബോദ്ധ്യമായി.

ആധുനിക പുരാവസ്തുശാസ്ത്രത്തിന്റെ ആവിർഭാവത്തിനു മുൻപു സർഗ്ഗോൻ എന്ന നാമധേയം യെശ. 20:1-ൽ അല്ലാതെ വേറൊരു ചരിത്രരേഖയിലും കാണുവാൻ കഴിയുമായിരുന്നില്ല. പഴയനിയമത്തിന്റെ ഇതരഭാഗങ്ങളിലോ അശ്ശൂർ രാജാക്കന്മാരുടെ അറിയപ്പെട്ട പട്ടികയിലോ സർഗ്ഗോനെപ്പററി യാതൊരു വിവരവുമില്ലായിരുന്നു. തൽഫലമായി, യെശയ്യാ പ്രവചനത്തിലെ സർഗ്ഗോനെപ്പററിയുള്ള പരാമർശം അവിശ്വസനീയമെന്നു പലരും കരുതിവന്നു. എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കായുടെ എട്ടാം പതിപ്പിൽ, യെശ. 20-ലെ സർഗ്ഗോനെപ്പററിയുള്ള പ്രസ്താവന ബൈബിൾചരിത്രത്തിലെ വ്യക്തമായ ഒരു തെററാണെന്നു ചൂണ്ടിക്കാണിച്ചിരുന്നു.

എന്നാൽ 1843-ൽ പോൾ എമൈൽ ബോട്ടാ നിനവെയുടെ പരിസരങ്ങൾ ഖനനംചെയ്ത കൂട്ടത്തിൽ കോർസബാഡിൽനിന്നു സർഗ്ഗോന്റെ കൊട്ടാരവും തന്റെ ഭരണകാലത്തെ രാജകീയരേഖകളും കണ്ടുപിടിച്ചപ്പോൾ, സർഗ്ഗോൻ അശ്ശൂർരാജാക്കന്മാരിൽ ഏററം പ്രശസ്തനായിരുന്നുവെന്നു വ്യക്തമായി. ശൽമനേസറിന്റെ മൂന്നുവർഷത്തെ പ്രതിരോധത്തെത്തുടർന്നു ശമര്യയുടെ നിരോധം പൂർത്തിയാക്കി അതിനെ പിടിച്ചതും (ബി. സി. 722–721) യിസ്രായേലിനെ അടിമകളായി അശ്ശൂരിലേക്കു കൊണ്ടുപോയതും ഈ സർഗ്ഗോനായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരം 25 ഏക്കർസ്ഥലത്തു വ്യാപിച്ചിരുന്നു. സർഗ്ഗോന്റെ നാമധേയവും സ്ഥാനമാനങ്ങളും അനേകം ഇഷ്ടിക

കളിൽ മുദ്രണം ചെയ്തിരുന്നു. ഇപ്രകാരം യെശ. 20-ലെ പ്രസ്താവന ചരിത്രസത്യമെന്നു തെളിയിക്കപ്പെട്ടു.

ഈ ദൃശ്യം, പ്രവാചകവാക്യത്തെ പുരാവസ്തു ഗവേഷണം തെളിയിച്ചുകഴിഞ്ഞപ്പോൾ, എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കായുടെ ചുമതലക്കാർ തങ്ങളുടെ അബദ്ധം മനസ്സിലാക്കി അതിന്റെ ഒൻപതാമത്തെ പതിപ്പിൽ ആദ്യപ്രസ്താവന പിൻവലിക്കയും ബൈബിൾരേഖ സ്ഥിരീകരിച്ചുകൊണ്ടു സർഗ്ഗോനെപ്പററി ഒരു ദീർഘലേഖനം എഴുതുകയുംചെയ്തു. വിജ്ഞാനകോശങ്ങളും ചരിത്രപുസ്തകങ്ങളും തിരുത്തിയെഴുതേണ്ടിവരും. എന്നാൽ, "യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു." സങ്കീ. 119:89.

ഈ ശതാബ്ദത്തിന്റെ ആരംഭംവരെ ചരിത്രകാരന്മാർക്കു അജ്ഞാതമായിരുന്ന ഹിത്യരുടെ ചരിത്രവും മറെറാരു ദൃഷ്ടാന്തമാണ്. ഈ നൂററാണ്ടിന്റെ ആരംഭംവരെ ബൈബിളിനു വെളിയിൽ അവരെപ്പററി യാതൊരു പരാമർശവും ഇല്ലായിരുന്നു. എന്നാൽ 1906-ൽ ഏഷ്യാമൈനറിലെ ബോഗസ്ക്കോയിൽ (മദ്ധ്യ ടർക്കി) നിന്നു ഹിത്യരുടെ തലസ്ഥാനനഗരം കുഴിച്ചെടുത്തപ്പോൾ അവരെപ്പററിയുള്ള വേദരേഖകൾ സത്യമെന്നു സ്ഥിരീകരിക്കപ്പെട്ടു. ഹിത്യർ എന്ന ഒരു ജാതി ജീവിച്ചിരുന്നുവോയെന്ന് ആരും ഇപ്പോൾ സംശയം പ്രകടിപ്പിക്കുന്നില്ല. യിസ്രായേൽമക്കൾ മിസ്രയീമിൽ അടിമകളായിരുന്നപ്പോൾ ഹിത്യർ ഏററം പ്രബലരായിരുന്നുവെന്ന് കണ്ടെടുത്ത രേഖകൾ തെളിയിക്കുന്നു.

ബൈബിൾപ്രവാചകന്മാരുടെ പ്രസ്താവനകൾ ചരിത്രസത്യമെന്നും ദൈവശ്വാസീയമെന്നും വ്യക്തമാക്കുന്ന മറെറാരു തെളിവാണ് ജലപ്രളയത്തെക്കുറിച്ചുള്ള ബാ

ബിലോന്യ ശിലാലിഖിതം, ആഹാബിന്റെ ശമര്യയിലെ ദന്തകൊട്ടാരം, ശലോമോന്റെ കുതിരാലയങ്ങൾ ആദിയായവ. അവ സമീപകാലത്തു കണ്ടുപിടിക്കപ്പെട്ടു. മെഗിദ്ദോ താഴ്വരയിൽനിന്നു കണ്ടെടുത്ത പ്രസ്തുത കുതിരാലയങ്ങൾ (I രാജാ. 10:26–29) ഓരോന്നും 150 രഥങ്ങളും 450 കുതിരകളും നിൽക്കത്തക്ക വിസ്താരമുള്ളതായിരുന്നു.

കൂടാതെ, ബൈബിളിൽ പ്രസ്താവിക്കുന്ന 50—ൽ അധികം രാജാക്കന്മാരുടെ (ഒമ്രി, ആഹാബ്, യേഹൂ, യെഹോയാക്കീം ആദിയായവർ) കാലം, പ്രവർത്തനങ്ങൾ എന്നിവ ആധുനികകാലത്തു കണ്ടെടുത്ത ശിലാലിഖിതങ്ങൾ തെളിയിക്കയുണ്ടായി. ഒരു കാലത്തു പ്രസ്തുത രാജാക്കന്മാരുടെ ജീവിതം, പ്രവർത്തനങ്ങൾ എന്നിവയുടെ ചരിത്രസത്യം അനേകർ നിഷേധിച്ചിരുന്നു. എന്നാൽ അവർ ചരിത്രത്തിൽ ജീവിച്ചിരുന്നവരായിരുന്നെന്നു ഖനനംചെയ്യപ്പെട്ട പട്ടണങ്ങളിൽനിന്നുള്ള രേഖകൾ ഉദ്ഘോഷിക്കുന്നു.

യോർദ്ദാൻ സമഭൂമിയിൽ സാരഥാനു സമീപം കളിമൺനിലത്തുവച്ചു യഹോവയുടെ ആലയത്തിനു ആവശ്യമായ താമ്രഉപകരണങ്ങൾ ശലോമോൻ വാർപ്പിച്ചതായി I രാജാ. 7:46—ൽ നാം വായിക്കുന്നു. ഉപകരണങ്ങൾ അനവധിയായതുകൊണ്ടു അവ തൂക്കുകപോലും ചെയ്തില്ല. 1964—ൽ യോർദ്ദാൻ സമഭൂമിയിലുള്ള പ്രസ്തുത സാരഥാൻ പട്ടണം പെൻസിൽവേനിയാ യൂണിവേഴ്സിറ്റിയിലെ ഡോ. ജെ. ബി. പ്രിച്ചാർഡ് ഉൽഖനനം ചെയ്തു. തൽസമയം അന്ത്യതാമ്രയുഗത്തിലും (ബി.സി. 1500—1200) ആദ്യ ഇരുമ്പുയുഗത്തിലും (ബി.സി. 1200–900) ഉള്ള ധാരാളം ശവകുടീരങ്ങൾ കാണുകയുണ്ടായി.

ഇതുവരെ പലസ്തീനിൽനിന്നു ലഭിച്ചിട്ടുള്ളതിലേക്കും വലിയ താമ്രഉപകരണങ്ങൾ പ്രസ്തുത ശവകുടീരങ്ങളിൽനിന്നും കണ്ടെടുത്തു. ബി.സി. ആയിരത്തിനോടടുത്ത് ആ പ്രദേശത്ത് ഉന്നതനിലയിൽ വികസിച്ച താമ്രവ്യവസായം ഉണ്ടായിരുന്നെന്ന് ഇതു് ചൂണ്ടികാണിക്കുന്നു. മാത്രമല്ലാ, ശലോമോൻ (ബി.സി. ആയിരത്തോടടുത്തു ജീവിച്ചിരുന്നു) സുക്കോത്തിനും സാരഥാനും ഇടയ്ക്കുള്ള കളിമൺ നിലത്തുവച്ചു് ആലയത്തിനായി താമ്രഉപകരണങ്ങൾ വാർപ്പിച്ചു എന്ന ബൈബിൾരേഖയെ (1 രാജാ. 7:46) ഇതു സ്ഥിരീകരിക്കയും ചെയ്യുന്നു.

പുതിയനിയമബന്ധത്തിൽ ഒരു ഉദാഹരണംകൂടെ ചൂണ്ടിക്കാണിക്കട്ടെ. യേശുക്രിസ്തു ജീവിച്ചിരുന്നിട്ടേയില്ലായെന്നു പ്രസ്താവിപ്പാൻ ധൈര്യപ്പെട്ടവർ ഉണ്ടായിട്ടുണ്ട്. എന്നാൽ പുതിയനിയമ കാലഘട്ടത്തിലെ പലസ്തീൻ നാട്ടിൽനടന്ന പുരാവസ്തുഗവേഷണഫലമായി സുവിശേഷഗ്രന്ഥങ്ങളുടെ ചരിത്രയാഥാർത്ഥ്യത്തിനു് അഖണ്ഡനീയവും അനിഷേദ്ധ്യവുമായ തെളിവുകൾ ലഭ്യമായിട്ടുണ്ട്. അവയിലൊന്നാണ് കൈസര്യയിലെ റോമൻ തിയേററിന്റെ അവശിഷ്ടങ്ങളിൽനിന്നും 1961—ൽ കണ്ടെടുത്ത ഒരു ലിഖിതം. അതിൽ "പൊന്തിയോസ് പിലാത്തോസ്" എന്നും "തിബര്യോസ് കൈസർ" എന്നും രേഖപ്പെടുത്തിയിരുന്നു. ഈ നാമധേയങ്ങൾ രണ്ടും ലൂക്കോസു സുവിശേഷത്തിലെ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ സുപ്രസിദ്ധ മുഖവുരയിൽ ദർശിപ്പാൻ കഴിയും (ലൂക്കോ. 3:1). എ. ഡി. 26 മുതൽ 36 വരെ പീലാത്തോസ് യഹൂദ്യയിലെ ഗവർണ്ണരായിരുന്നു. തിബര്യോസ് കൈസർ റോമിൽ ഭരിച്ചിരുന്നതു്, എ. ഡി. 14 മുതൽ 37 വരെയും ആയിരുന്നു. ഈ ലിഖിതം പീലാത്തോസും തിബര്യോസു കൈസറുമായുള്ള ബന്ധത്തെ സൂചിപ്പിക്കു

കമാത്രമല്ലാ; ലൂക്കോസ് സുവിശേഷത്തിലെ ചാരിത്രിക പരാമർശങ്ങളെ സ്ഥിരീകരിക്കയുംചെയ്യുന്നു.

ഇപ്രകാരം പ്രവാചകന്മാർ രേഖപ്പെടുത്തിയ ഓരോ വസ്തുതയും ചരിത്രസത്യമെന്നു പുരാവസ്തുശാസ്ത്രം തെളിയിച്ചുകൊണ്ടിരിക്കുന്നു. എവിടെ ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും നടന്നിട്ടുണ്ടോ അവയെല്ലാം പ്രവാചകന്മാരുടെ പ്രവചനങ്ങളും പ്രസ്താവനയും സ്ഥിരീകരിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

[അങ്ങനെയെങ്കിൽ, ഇനിമേലാൽ സംഭവിക്കുമെന്നു ബൈബിൾ പറയുന്ന പ്രവചനങ്ങളും കൃത്യമായി സംഭവിച്ചേ മതിയാകൂ.

'പ്രവചനവും ചരിത്രവും' എന്ന ഭാഗത്ത് നിറവേറിയ പ്രവചനങ്ങളിൽ ചിലതിനെക്കുറിച്ചെങ്കിലും വിവരിച്ചിട്ടുണ്ടല്ലോ. അങ്ങനെ നിറവേറിക്കാണുന്ന പ്രവചനങ്ങളും ഭാവിയിൽ നിറവേറുമെന്നു പറഞ്ഞിട്ടുള്ള പ്രവചനങ്ങളും നിറവേറുമെന്നുള്ളതിലേയ്ക്കു് ഉറപ്പുതരുന്നു. ആകയാൽ അനുവാചകർ ബൈബിൾപ്രവചനങ്ങളെ വിശ്വസിച്ച്, തങ്ങളുടെ ഭാവി ഭാസുരമാക്കുവാൻ ഒരുങ്ങണമെന്നു് അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്യുവാൻ ജഗന്നിയന്താവായ ദൈവം ഏവർക്കും കൃപാപകരുമാറാകട്ടെ! ആമേൻ Y.E.]